Vol. 11 No. 1 Easter 2021

# സാബത്താം

## ഫെലോഷിപ്പ്



പ്രേഷിത സഹകാരികൾക്കുള്ള പ്രസിദ്ധീകരണം

# CONTENTS

VOL. 11. NO. 1, EASTER 2021

Patron:
**Very Rev. Fr Antony Perumanoor**

Managing Editor:
**Rev. Fr Peter Kavumpuram**

Chief Editor:
**Fr. Monse Karuvakunnel**

Editorial board:
**Fr Justine Vettukallel**
**Fr James Kurukilamkatt**
**Sr Ancil Maria FCC**
**Mr Issac Olickal**

Design & Layout:
**Jibin Mathew**

Direct all correspondence to:
Editor
Santhome Fellowship
Deepti Bhavan
Melampara-686578
Kottayam, Kerala, India

Tel: +91 4822-236353
Mob: +91 9845992301
9544185779

E-mail:
mstassociates@gmail.com
Web: www.mstworld.org/
santhome-fellowship

Santhome Fellowship is a missionary periodical of the missionary society of st thomas apostle(mst) for all its friends and collaborates
(Private circulation only)

04 ജനറാളച്ചന്റെ സന്ദേശം
ഫാ. ആന്റണി പെരുമാനൂർ

05 പിതാവ് മക്കളോട്
മാർ പോളി കണ്ണൂക്കാടൻ

07 ഉയിർപ്പിന്റെ ചൈതന്യത്തിൽ
ഫാ. വിപിൻ വൻമേലിൽ

ഞാൻ കണ്ട ദിലാസ 10
ജെസ്സി സെബി കലയന്താനി

പ്രേഷിത വഴിയിൽ 15
സി. ദയ കൊട്ടാരത്തിൽ ഡി എസ് റ്റി

MISSION NEWS 21

വഴിത്താര തീർക്കുന്നവർ 25
ഫാ. തോമസ് ചെങ്ങനാരിപ്പറമ്പിൽ

# എഡിറ്റോറിയൽ

ലോകം കൊറോണ വൈറസിന്റെ പിടിയിലമർന്നിട്ട് ഒരു വർഷം പിന്നിടുമ്പോൾ നമുക്ക് മനസ്സിലായ ഒരു കാര്യമുണ്ട് മരണത്തിനു മാത്രം നമ്മുടെ കയ്യിൽ പരിഹാരമില്ല. എന്നാൽ ഉയിർപ്പു തിരുനാൾ നമ്മളോട് പറയുന്നു മരണത്തിനും മരണം ഉണ്ട്. മരണത്തെ ജയിച്ച് ഉത്ഥാനം ചെയ്ത ഈശോമിശിഹാ നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും അവിടുത്തെ സമാധാനം കൊണ്ട് സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സമാധാനം നഷ്ടപ്പെട്ട ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. നമുക്ക് ആവശ്യത്തിന് പണമുണ്ട്, ജോലിയുണ്ട്, കുടുംബമുണ്ട്, കൊട്ടാര തുല്യമായ വീടുകളുണ്ട് പക്ഷേ ആഡംബരത്തിൽ ജീവിക്കുമ്പോളും പലർക്കും നഷ്ടപ്പെട്ടു പോകുന്നത് മനസ്സമാധാനം ആണ്. ഉത്ഥിതൻ എവിടെയൊക്കെ പ്രത്യക്ഷപ്പെട്ടോ അവിടെ ആദ്യം പറയുന്നതും ഇതാണ് നിങ്ങൾക്ക് സമാധാനം. ഉയിർപ്പ് തിരുനാൾ നമുക്ക് സമാധാനം പ്രദാനം ചെയ്യട്ടെ. ഈശോ ഇല്ലാത്ത കല്ലറക്ക് കാവൽ നിൽക്കുന്ന യഹൂദ പട്ടാളക്കാരെ പോലെയാണ് നമ്മൾ. ഈശോ ഉയിർത്തെഴുന്നേറ്റു എന്നറിയാതെ ഈശോ ഇല്ലാത്ത കല്ലറയ്ക്കു കാവൽ നിൽക്കുന്നു. ജീവിക്കുന്ന ദൈവത്തെ നഷ്ടപ്പെട്ടുപോയി എന്നറിയാതെ ദൈവമല്ലാത്ത, ദൈവമില്ലാത്ത എന്തൊക്കെയോ കാര്യങ്ങൾക്ക് വേണ്ടി സ്വാർത്ഥ നേട്ടങ്ങൾക്ക് വേണ്ടി നമ്മളും കാവൽ നിൽക്കുകയല്ലേ? covid മഹാമാരിക്ക് ശേഷം നമ്മുടെ വിശ്വാസ ജീവിതത്തിൽ സാരമായ മങ്ങൽ ഏറ്റിട്ടുണ്ട്. ഉയർപ്പ് തിരുന്നാൾ നമുക്ക് തിരിച്ചു വരവിന്റെ നാളുകൾ ആകട്ടെ. ശരീരം മുഴുവൻ മുറിവേറ്റ ഒരു മനുഷ്യനെ കാണുമ്പോൾ എങ്ങനെയാണ് ശിഷ്യന്മാർക്ക് സന്തോഷിക്കാൻ കഴിയുക. അവർക്കറിയാം, തങ്ങൾക്കുവേണ്ടി അവൻ ഏറ്റെടുത്ത ഈ മുറിവുകൾ തങ്ങൾക്കും ഭാവി തമുറകൾക്കും രക്ഷയുടെ അച്ചാരം ആണെന്ന്.



അപരനുവേണ്ടി സഹനങ്ങൾ ഏറ്റെടുക്കുന്നതിൽ നമുക്കു സന്തോഷിക്കാം. ഉത്ഥിതൻ നമ്മുടെ ഹൃദയങ്ങളെയും കുടുംബങ്ങളെയും ഭരിക്കട്ടെ.

**എന്ന് സ്വന്തം മോൻസച്ചൻ**



# ജനറാളച്ചന്റെ സന്ദേശം

ക്രിസ്തീയ ജീവിതം ഉയിർത്തെഴുന്നേറ്റ ഈശോയോടു കൂടിയുള്ള ജീവിതമാണ്. മരണത്തിനപ്പുറവും ജീവിക്കുന്ന ക്രിസതുവാണ് നമ്മുടെ വിശ്വാസത്തിന്റെ അടിത്തറ. "യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരേ ആൾതന്നെയാണ് (ഹെബ്രാ 13:8). ഇന്നും ജീവിക്കുന്ന ക്രിസതുവുമായുള്ള ആഴമായ ഒരു വ്യക്തിബന്ധ മാണ് വിശ്വാസ ജീവിതത്തിന്റെ കാതൽ.

അപ്പസ്തോലന്മാർക്ക് ദൈവസ്നേഹത്തിന്റെ അനുഭവം പെന്ത ക്കുസ്താദിനത്തിൽ ഉണ്ടായി. അതുകൊണ്ട് അവർക്കു പറയാൻ കഴി ഞ്ഞു. "ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ട് കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും, കൈകൊണ്ട് സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു." (1 യോഹ. 1:1) ദൈവം അറിവിന്റെ വിഷയമല്ല, അനുഭവത്തിന്റെ വിഷയമാണ്. ദൈവം ബുദ്ധിയുടെ വിഷയമല്ല, ഹൃദയ ത്തിന്റെ വിഷയമാണ്. ഏറ്റവും വലിയ ദൂരം ബുദ്ധിയിൽ നിന്നും ഹൃദയ ത്തിലേക്കുള്ളതാണ്.

ഉയിർത്തെഴുന്നേറ്റ ഈശോയുടെ കൂടെ നടക്കുമ്പോൾ അവി ടുത്തെ ചൈതന്യവും സാന്നിധ്യവും അരൂപിയും നമ്മേയും രൂപാന്തര പ്പെടുത്തും. എമ്മാവൂസിലേതുപോലെ ശിഷ്യന്മാർ അതീവ ദുഃഖിതരും നിരാശരും, ആത്മീയമായി അന്ധരും ആയിരുന്നു. എന്നാൽ ഈശോ അവരുടെ കൂടെ നടക്കുവാൻ തുടങ്ങിയപ്പോൾ സംഗതികൾ മാറിമറഞ്ഞു. ഈശോയുടെ സാന്നിധ്യവും സാമിപ്യവും സംഭാഷണവും സാന്ത്വനവും അവരുടെ വിശ്വാസം ഉണർത്തി; കണ്ണുകൾ തുറന്നു; ഹൃദയങ്ങൾ ജ്വലിച്ചു. അവർ പുതിയ മനുഷ്യരായി. അവർ തങ്ങളുടെ ദിശമാറ്റി ജറു സലേമിലേക്ക് തന്നെ തിരിച്ചുപോയി.

നമ്മുടെ അനുദിന ജീവിതത്തിൽ ഉത്ഥിതനായ ഈശോയുടെ കൂടെ നടക്കുന്ന അനുഭവം എന്നും ഉണ്ടാകുവാൻ നമുക്കു തീക്ഷണ മായി പ്രാർത്ഥിക്കാം. വ്യക്തിപരമായി നാം അനുഭവിച്ച ഈശോയെ, നാം കണ്ടുമുട്ടുന്ന വ്യക്തികൾക്കും സമൂഹത്തിനും നല്കി ഈ വർഷത്തെ ഉയിർപ്പുതിരുനാൾ നമുക്കാഘോഷിക്കാം. ഉത്ഥാനതിരുന്നാളിന്റെ മംഗള ങ്ങൾ ഏവർക്കും ആശംസിക്കുന്നു.

**ഫാ. ആന്റണി പെരുമാനൂർ**
**ഡയറക്ടർ ജനറൽ എം. എസ്. റ്റി**

# പിതാവ് മക്കളോട്



ഈശോമിശിഹായിൽ സ്നേഹം നിറഞ്ഞ പ്രേഷിത സഹകാരികളേ,

ആഗതമാകുന്ന ഉത്ഥാനതിരുനാളിന്റെ ആശംസകളും അനുഗ്രഹവും ഏവർക്കും നേരുന്നു. ഉത്ഥിതനായ ക്രിസ്തുവിന്റെ ചൈതന്യം സ്വീകരിച്ച് അവൻ നേടിതന്ന രക്ഷയിൽ പങ്കുചേർന്ന് അവന്റെ പാതയെ അനുകരിക്കാൻ പരിശ്രമിക്കുന്ന കാലഘട്ടമാണല്ലോ ഈസ്റ്റർ. കുരിശിൽ ഇരുപലകകളിലായി മൂന്നാണികളിൽ തറക്കപ്പെട്ടവൻ മൂന്നാം ദിനം മരണത്തെ അതിജീവിച്ച് ഉത്ഥാനം ചെയ്തുകൊണ്ട് നമ്മോട് പ്രഖ്യാപിക്കുന്നത് മരണത്തിലൊതുങ്ങുന്നതല്ല മനുഷ്യജീവിതമെന്നാണ്. ഓരോ മനുഷ്യനെയും അവന്റെ യഥാർത്ഥ ജീവിതലക്ഷ്യം ഓർമ്മിപ്പിച്ചുകൊണ്ട് സ്വർഗ്ഗീയജീവിതത്തിലേക്കുള്ള പാത തുറന്നുകൊടുക്കുകയാണ് മനുഷ്യാവതാരത്തിലൂടെ ക്രിസ്തു ചെയ്തത്. അവൻ പറയുന്നു വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല.' (യോഹ 14: 6). ക്രിസ്തുവിന്റെ വഴിയേ ചരിക്കുവാനും ആ വഴിയിലേക്ക് ചുറ്റുമുള്ളവരെ ആനയിക്കാനും ഓരോ ക്രിസ്തുശിഷ്യനും കടമയുണ്ട്. ഉത്ഥിതനായ ക്രിസ്തു തന്റെ ശിഷ്യരെ സുവിശേഷവത്കരണത്തിനായി ഭരമേൽപ്പിക്കുന്നത് നാല് സുവിശേഷകന്മാരും വിവരിക്കുന്നുണ്ട്. ഉത്ഥിതൻ ശിഷ്യരെയേൽപ്പിക്കുന്ന ദൗത്യമിതാണ്, നിങ്ങൾപോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോടു കൽപിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്ത്യംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. (മത്താ 28 :19-20) ക്രിസ്തുശിഷ്യൻ എന്ന നിലക്ക് ഓരോ ക്രിസ്ത്യാനിയും ഇതിനായി നിയോഗിക്കപ്പെട്ടിരിക്കുന്നു.

ലോകസുവിശേഷവത്കരണവും അതിലൂടെ യാഥാർത്ഥ്യമാകുന്ന ഭൂമിയിലെ ദൈവരാജ്യവുമാണ് ഓരോ പ്രേഷിതനും ഉത്ഥിതനാൽ ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൗത്യം. ഉത്ഥിതന്റെ പ്രേഷിത ദൗത്യത്തിന്റെ സാരസംഗ്രഹം മൂന്ന് വാക്കുകളിലൊതുക്കാം. കൂടെയായിരിക്കുക, പഠിപ്പിക്കുക, ശിഷ്യപ്പെടുത്തുക അഥവാ സ്നാനപ്പെടുത്തുക എന്നിവയാണിവ.

ഇന്നിന്റെ സാഹചര്യങ്ങളിൽ എങ്ങനെ സുവിശേഷവേല നിറവേറ്റും എന്ന പ്രേഷിതരുടെ സംശയങ്ങൾക്ക് ഉത്ഥിതന്റെ ഈ മൂന്നു വാക്കുകൾ ഉത്തരം നൽകുന്നു. ചുറ്റുമുള്ളവരുടെ വേദനകളിലും സന്തോഷങ്ങളിലും അവരുടെ ഒപ്പമായിരുന്നുകൊണ്ട് അവർക്ക് ആശ്വാസമായി മാറി ക്രിസ്തുസ്നേഹത്തിന്റെ മാതൃകയായി എന്നതാണ് കൂടെയായിരിക്കുക എന്നതിലൂടെ ഓരോ പ്രേഷിതനും ചെയ്യേണ്ടത്. വാക്കിലും പ്രവൃത്തിയിലും എല്ലാറ്റിലുമുപരി തന്റെ ജീവിതം വഴിയും താനായിരിക്കുന്ന സമൂഹത്തിൽ ക്രിസ്തു അനുഭവമായി മാറുക എന്നതാണ് പഠിപ്പിക്കുക എന്നതുദ്ദേശിക്കുന്നത്. ഇപ്രകാരം അനുഭവിച്ചറിഞ്ഞ ക്രിസുതുവിലേക്ക് പൂർണമായി എത്തിച്ചേരാൻ ആഗ്രഹിക്കുന്നവരെ മാമ്മോദീസയിലൂടെ സഭയിലേക്കാനയിക്കാൻ പ്രേഷിതനുമുള്ള കടമയാണ് ശിഷ്യപ്പെടുത്തുക എന്നതോർമ്മിപ്പിക്കുന്നത്.

സുവിശേഷവേലയുടെ ഈ വഴികളിൽ ഭയമാണ് ഓരോ പ്രേഷിതനും വിലങ്ങുതടിയായി നിൽക്കുന്നത്. തന്റേതായവ നഷ്ട്ടപ്പെടും എന്നതാണ് ആ ഭയത്തിന്റെ അടിസ്ഥാനം. സമ്പത്ത്, സൽപ്പേര്, ആരോഗ്യം, സുഹൃത്തുക്കൾ, ബന്ധുക്കൾ തുടങ്ങി പ്രേഷിതന്റെ ജീവിതത്തിൽ നഷ്ടത്തിന്റെ കണക്കുകൾ പലതുമാകാം. എന്നാൽ യേശു പറയുന്നു എന്റെ നാമത്തെപ്രതി ഭവനത്തെയോ സഹോദരൻമാരെയോ സഹോദരികളെയോ പിതാവിനെയോ മാതാവിനെയോ മക്കളെയോ വയലുകളെയോ പരിത്യജിക്കുന്ന ഏതൊരുവനും നൂറിരട്ടി ലഭിക്കും; അവൻ നിത്യജീവൻ അവകാശമാക്കുകയും ചെയ്യും' (മത്താ 19: 29) യേശുവിന്റെ മരണശേഷം ഭീതിയിലാണ്ടിരിക്കുന്ന ശിഷ്യർക്ക് പ്രത്യക്ഷനാകുന്ന ഉത്ഥിതനായ ക്രിസ്തു അവരോടാവർത്തിച്ച് പറയുന്നതും ഭയപ്പെടേണ്ട എന്നു തന്നെയാണ് (മത്താ 28: 4-10). ഉത്ഥിതനെ കണ്ടുമുട്ടുന്ന ശിഷ്യർ ഭയാശങ്കകൾ ഉപേക്ഷിച്ച് ശാന്തരും സന്തോഷവാന്മാരും ആകുന്നതും (ലൂക്ക 24 : 52) ധീരതയോടെ പ്രേഷിതവേലക്കിറങ്ങുന്നതും (അപ്പ പ്രവ 13) വി. ഗ്രന്ഥത്തിൽ തന്നെ നമ്മുക്ക് കാണാൻ സാധിക്കും.

ഉത്ഥിതനെ നേരിൽകാണാനും ഭയാശങ്കകൾ മാറ്റി തീക്ഷണതയുടെ അഗ്നിയാൽ ജ്വലിക്കുന്ന പ്രേഷിതനാകാനുമുള്ള അവസരമാണ് ഓരോ ഈസ്റ്ററും നമ്മുക്ക് മുമ്പിലൊരുക്കുന്നത്. ഉത്ഥിതന്റെ ചൈതന്യം ഉൾകൊള്ളാനും അവിടുത്തെ വഴിയെ ചരിക്കാനും പ്രേഷിതദൗത്യമേറ്റെടുത്ത് കൂടെയായിരുന്ന് പഠിപ്പിച്ച് സ്നാനപ്പെടുത്തി മറ്റുള്ളവരെ ക്രിസ്തുവിലേക്കാനയിക്കാനും, ഈ ഉയിർപ്പുതിരുനാൾ എല്ലാ പ്രേഷിതസഹചാരികൾക്കും അവസരം ഒരുക്കട്ടെയെന്ന് എന്നാശംസിക്കുന്നു.

യേശുവിൽ സ്നേഹപൂർവ്വം,

**മാർ പോളി കണ്ണൂക്കാടൻ**
**ഇരിങ്ങാലക്കുട രൂപതാ മെത്രാൻ**

# ഉയിർപ്പിന്റെ ചൈതന്യത്തിൽ



ഫാ. വിപിൻ വൻമേലിൽ എം. എസ്. റ്റി

അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം (ലൂക്കാ. 2:14)

ഈശോയിൽ വിശ്വാസമർപ്പിച്ച്, പിതാവായ ദൈവത്തിങ്കലേക്ക് കണ്ണുകളുയർത്തി പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിനായി അഭിലഷിക്കുന്നവർക്കെല്ലാം പ്രത്യാശയും സമാധാനവും നല്കി ഒരു ഉയിർപ്പ് കാലവും കൂടി കടന്നുവരുന്നു. കൊറോണ മഹാമാരിമൂലം അസന്നിഗ്ദാവസ്ഥയുടെ ആഴങ്ങളിൽ പതറിയിരിക്കുന്ന ലോകം അതിനെ ചെറുക്കുന്നതിൽ പതിയെ വിജയം കണ്ടുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ക്രിസ്തുവിന്റെ പീഡാനുഭവവും ഉയിർപ്പും നല്കുന്ന സമാധാനം വിശ്വാസികളായ നമ്മെ ഒരുപടി കൂടി സധൈര്യരാക്കിത്തീർത്ത്, ദൈവസ്നേഹ-പരസ്നേഹ പ്രവർത്തികളിൽ മുഴുകാൻ പ്രേരിപ്പിക്കട്ടെ.

ഈശോയുടെ ജനനസമയത്ത് മാലാഖമാർ പാടി "അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം, ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം" (ലൂക്കാ. 2:14). എന്നാൽ മാലാഖമാരുടെ ഉദ്ധരണിയുടെ പൂർണ്ണമായ അർത്ഥം നാം കാണുന്നത് ഈശോയുടെ പീഡാനുഭവത്തിലും ഉത്ഥാനത്തിലുമാണ്. കാരണം ഈശോ നല്കുന്ന സമാധാനം അനുഭവിക്കാൻ സാധിക്കുക സന്മനസ്സുള്ളവർക്ക് മാത്രമാണ്. ദൈവികമായ സന്മനസ്സില്ലാത്തതുകൊണ്ടാണ് ഹേറോദേസ് രാജാവ് അശാന്തനായി പൈതലായ ഈശോയെ കൊല്ലുവാനുള്ള

വ്യഗ്രതയാൽ വിറപൂണ്ട് നൂറുകണക്കിന് ബാലന്മാരെ വധിച്ചത്. ഇന്ന് ഹേറോദേസിനെപ്പോലെ വിറപൂണ്ട് നാം അലയുന്നുണ്ടെങ്കിൽ ഒന്നോർക്കുക നമ്മുടെ ജീവിതങ്ങളിൽ ദൈവികമായ സന്മനസ്സിന് വിഘാതം സംഭവിച്ചിരിക്കുന്നു. കാരണം, യോഹ 2:12 പറയുന്നുണ്ട് തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്ന വർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവു നല്കി. ദൈവത്തെ നോക്കി അവിടുത്തെ വിശ്വസിക്കുന്നവരാണെങ്കിൽ ചുറ്റും എത്ര യേറെ തിന്മകൾ വർദ്ധിച്ചാലും ഈ ലോകത്തിന്റേതായ പ്രവണത യാൽ ഞെരുക്കപ്പെട്ടാലും, ഹേറോദേസിനെപ്പോലെ നന്മയെ നശി പ്പിക്കുവാനായി അനേകം നിരപരാധികളെ വാക്കുകൊണ്ടും പ്രവർത്തികൊണ്ടും ചിന്തകൊണ്ടും കൊന്നൊടുക്കുന്നവരായി നാം മാറില്ല. മറിച്ച് ഈശോയെപ്പോലെ അനേകർക്കുവേണ്ടി സമയവും സമ്പത്തും കഴിവുകളും സ്വജീവനെത്തന്നെയും ബലികഴിക്കുന്നവ രായി നാം മാറും.

ഈശോയുടെ ജനന സമയത്തെ മാലാഖമാരുടെ ഘോഷണം അർത്ഥവത്താകുന്നത് അവിടുത്തെ പീഡാനുഭവത്തിലും ഉത്ഥാന ത്തിലുമാണെന്നു പറയുന്നത്, ലോകമോഹ അധികാരഭ്രമങ്ങളാൽ അന്ധരാക്കപ്പെട്ടവരാണ് ഈശോയെ അവിടുത്തെ പീഡാനുഭവത്തി ലേക്ക് നയിച്ചത് എന്നതിനാലാണ്.. ലൗകികമായ വ്യഗ്രതയിൽപ്പെട്ട വർക്ക് ഈശോ നല്കുന്ന സമാധാനം അനുഭവിക്കാൻ സാധിച്ചി ല്ല. തന്റെ രാജ്യം ലൗകികമല്ല എന്നവൻ പറഞ്ഞത് മനസ്സിലാക്കു വാൻ അവർക്ക് സാധിച്ചില്ല. ഈശോ യഥാർത്ഥത്തിൽ രാജാവാ യിരുന്നു എന്നാൽ അവിടുത്തെ രാജത്വം മറ്റുള്ളവരിൽ നിന്നും





വ്യത്യസ്തമായിരുന്നു. അവിടുന്ന് സമാധാനത്തിന്റെയും സമത്വത്തിന്റെയും രാജാവായിരുന്നു. അവിടുത്തെ രാജ്യം അശരണർക്കും നിരാലംബർക്കുമായി തുറന്നിരിക്കുയായിരുന്നു. ഈശോയുടെ ന്യായവിധികൾ ജീവിതനവീകരണത്തിനുള്ള ചൂണ്ടുപലകയായിരുന്നു. മുറിയപ്പെട്ടവർക്കായി മുറിയപ്പെട്ടവനും വിലപിക്കുന്നവരോടൊപ്പം വിലപിക്കുന്നവനുമായിരുന്നു ഈശോയെന്ന രാജാവ്. പാപിയെന്നോ നീതിമാനെന്നോ നോക്കാതെ തന്റെ അടുക്കൽ വരുന്നവരെ വാരിപ്പുണർന്ന് പൂർവ്വികരുടെ ശത്രുവായി തീർന്നവനായിരുന്നു അവൻ. അതെ ആരെയും തള്ളിക്കളയാതെ സാമൂഹികമായ അതിർവരമ്പുകളിൽ നിന്നവരെ തന്നിലേക്കടുപ്പിച്ചവനായിരുന്നു ക്രിസ്തുവെന്ന മഹാരാജാവ്. ഒടുവിൽ പണക്കൊതിയനായ യൂദാസ് തന്റെ ഗുരുവിനെ ഒറ്റിക്കൊടുത്തപ്പോൾ, പണം ഒന്നിനും പരിഹാരമല്ല എന്ന് കാട്ടികൊടുത്തുകൊണ്ട് തന്റെ ശിഷ്യനാൽ ചെവി അറുത്തപ്പെട്ടവനെ സുഖപ്പെടുത്തി കുരിശിലേക്കെടുത്തവനായിരുന്നു ക്രിസ്തുവെന്ന/ഈശോയെന്ന രാജാവ്. പടുകുഴിയിൽ വീണവരെ അവൻ പ്രത്യാശ നല്കി ഉയർത്തി. അതിനാൽ ഇന്ന് നമ്മുടെ ചുറ്റും അസമാധനത്തിന്റെയും അസമത്വത്തിന്റെയും ആക്രോശം അധികമാകുമ്പോൾ നാം ഓർക്കണം സന്മനമനസ്സുള്ളവരെ നാം വെറുത്തു തുടങ്ങിയിരിക്കുന്നുവെന്നും, ദൈവികമായ സന്മനസ്സ് നാം നഷ്ടപ്പെടുത്തിയെന്നും. ഈശോയുടെ പീഡാനുഭവ-ഉത്ഥാനസ്മരണകൾ നമ്മുടെ ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന സന്മനസ്സിനെ തട്ടിയുണർത്തി നമ്മുടെ രാജാവായ ക്രിസ്തുവിനെപ്പോലെ ഈ ലോകവസാനകളെ തോല്പിച്ച് അശരണർക്ക് ആശ്വാസമാകുവാൻ ഈ ഉയിർപ്പ് നമ്മെ പ്രേരിപ്പിക്കട്ടെ. നമ്മെ സമാധാനത്തിന്റെ വെള്ളരിപ്രാവുകളായി മാറ്റാൻ ദൈവത്തോട് നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം.



# ഞാൻ കണ്ട ദിലാസ



**ജെസ്സി സെബി കലയന്താനി**

പൂന റെയിൽവേയിൽ ജോലി ചെയ്തിരുന്ന എനിക്ക് 2015 ഏപ്രിൽ പ്രമോഷൻ ട്രാൻസ്ഫെർ മീറജ് സ്റ്റേഷനിലേക്ക് ഉത്തരവായി. മീറജിൽ യാതൊരു മുൻപരിചയവും ഇല്ലാതിരുന്നതിനാൽ, ഒരിക്കൽ ഞങ്ങളുടെ പൂന ഇടവകവികാരി ആയിരുന്നതും, ഇപ്പോൾ ലാൻജ സെന്റ് തോമസ് പേരന്റ്സ് കെയർ ഹോം ഡയറക്ടർ ആയ ഫാ. ജോയി ചിറ്റേത്ത് അച്ചൻ വഴി മീറജിലുള്ള ഫാ. ദീലീപിനെ പരിചയപ്പെട്ടു. ഞാനും ഭർത്താവും കൂടി മീറജിൽ ചെന്നപ്പോൾ ദിലീപച്ചൻ ഞങ്ങൾക്ക് MST യുടെ സ്വന്തമായ ഒരു വീട് താമസിക്കാൻ തയ്യാറാക്കിയിരുന്നു. അച്ചൻ ഞങ്ങളോട് കാണിച്ച സ്നേഹം ഒത്തിരി നന്ദിയോടെ ഓർക്കുന്നു. അന്നുതന്നെ ദിലാസയിൽ ഡയറക്ടറായ ഫാ. ജോസ് വലിയമംഗലം അച്ചനെ കാണാൻ ഞങ്ങൾ പോയി. അച്ചനെ പരിചയപ്പെട്ടപ്പോളാണ് അച്ചന് എന്റെ ഭർത്താവിന്റെ കുടുംബത്തിലുള്ളവരെ നല്ല പരിചയം ഉണ്ടെന്നറിഞ്ഞത്. എന്റെ ഭർത്താവിന്റെ വീട് MST ജനറലേറ്റ്, ദീപ്തി ഭവന്റെ അടുത്താണ്. ഈ പരിയപ്പെടൽ ദിലാസയിലേക്ക് ഞങ്ങളെ കൂടുതൽ അടുപ്പിച്ചു.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ HIV ബാധിതർ ഉള്ള നഗരങ്ങളിൽ ഒന്നാണ് മീറജ്. ഇതിന് കാരണം ദേവദാസി സിസ്റ്റം നിലകൊള്ളുന്നതുകൊണ്ടും മുംബൈ, ബാംഗ്ലൂർ ഹൈവേയിൽ കൂടി

പോകുന്ന ട്രക്ക് തൊഴിലാളികൾക്ക് മീറജ് ഒരു ഇടതാവളമായതി നാലും കൂടുതൽ ആശുപത്രികൾ ഉള്ളതുകൊണ്ടുമൊക്കെയാണ്. മീറജിലെ കാലവസ്ഥയുടെ സവിശേഷിതമൂലം ഇന്ത്യയ്ക്ക് വെളി യിൽ നിന്നും അനേകർ ചികിത്സയ്ക്കായി മീറജിൽ എത്താറുണ്ടാ യിരുന്നു. അതുപോലെ തന്നെ കരിമ്പിൻ കൃഷിക്ക് അയൽ സംസ്ഥാ നമായ കർണാടകത്തിൽ നിന്ന് തൊഴിലാളികൾ വരുന്നതും ഒരു കാരണമാണ്. 2005 -ൽ ജോയി കുന്നേൽ അച്ചൻ എയ്ഡ്സ് ബാധി തർക്കായി ദിലാസ എന്ന പേരിൽ ഒരു പ്രോജക്ട് തുടങ്ങി. അവർക്കു വേണ്ട പരിചരണവും, മരുന്നും, ഭക്ഷണവും, പിന്തുണയും നല്കി അവരെ ബോധവത്കരിച്ചു. എയ്ഡ്സ് ബാധിതരായി മരണപ്പെട്ട മാതാപിതാക്കളുടെ മിക്ക കുട്ടികളും ആരും പരിചരിക്കാൻ ഇല്ലാ ത്തവരായിരുന്നു. ഈ സാഹചര്യത്തിൽ 2007 -ൽ സാബു മാത്യു അച്ചൻ കുട്ടികളുടെ സംരക്ഷണത്തിനായി ദിലാസ ഭവൻ എന്ന സ്ഥാപനം തുടങ്ങി.

മീറജ് റെയിൽവേ സ്റ്റേഷനിൽ നിന്ന് ഉദ്ദേശം 8 കി. മീ അകലെ മൂന്നര ഏക്കർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ദിലാസഭവൻ, എയ്ഡ്സ് ബാധിതരായ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും എല്ലാ വിധ ത്തിലുള്ള സ്നേഹവും സംരക്ഷണവും പരിചരണവും പിന്തുണയും നല്കുന്ന എം. എസ്. റ്റിയുടെ കീഴിലുള്ള ഒരു മിഷൻ സ്ഥാപനമാ ണ്. അന്ന് 22 പെൺകുട്ടികളും, 30 ആൺകുട്ടികളും എയ്ഡ്സ് ബാധി തരായി ഉണ്ടായിരുന്നു. പൊതുനിരത്തുകളിൽ അലഞ്ഞു നടന്നി





രുന്ന ആണും പെണ്ണുമായി 16 മനോരോഗികളും അവിടെ ഉണ്ടായിരുന്നു. എല്ലാവർക്കും കൗൺസിംഗ് നല്കാൻ പ്രത്യേകം ജോലിക്കാരെ നിയമിച്ചിട്ടുണ്ട്.

3 മാസത്തോളം മീറജിൽ ഞങ്ങൾക്ക് നില്ക്കേണ്ടി വന്നു. മിക്കവാറും ദിവസങ്ങളിൽ ദിലാസ ഭവൻ സന്ദർശിക്കുമായിരുന്നു. കുട്ടികളുടെ നിഷ്കളങ്കമായ പ്രാർത്ഥന ആണ് എന്നെ ഏറ്റവും ആകർഷിച്ചത്. മറ്റു മതസ്ഥരായ കുഞ്ഞുങ്ങൾ ഒട്ടും തിരിയാത്ത ഏതോ ഒരു ഭാഷയിൽ പ്രാർത്ഥിക്കുന്നതും വി. കുർബ്ബാനയിൽ അവരുടെ പങ്കാളിത്തവും വളരെ അതിശയകരമാണ്. ആ കുഞ്ഞുങ്ങളുടെ പ്രാർത്ഥന ഉറപ്പായും ഈശോ കേൾക്കും. ഈ ഒരു അവസ്ഥയിലേക്ക് അവരെ വളർത്തികൊണ്ടുവന്നതിൽ സാബു അച്ചൻ, ജോസ് അച്ചൻ, ദിലീപ് അച്ചൻ, ഡി. എസ്. എസ് സിസ്റ്റേഴ്സ് ആയ സി. ധ്യാനമ, സി. പ്രസാദിനി, സി. എവ എന്നിവർക്ക് മുഖ്യ പങ്കുണ്ട്. അന്യോന്യം സ്നേഹത്തിലും പരസഹായത്തിലും വിവേചനം ഇല്ലാതെ ഈ കുഞ്ഞുങ്ങളെ വളർത്താൻ ദീനാ സേവന സഭാ (DSS) അംഗങ്ങൾ ആയ സിസ്റ്റേഴ്സ് മുൻകൈ എടുത്തിട്ടുണ്ട്. ദിലാസയിൽ ഉള്ളവർക്ക് ആവശ്യമായ പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ അവിടെതന്നെ കൃഷിചെയ്ത ഉത്പാദിക്കുന്നു. അതുപോലെതന്നെ ആട്, മുയൽ, പന്നി, എരുമ, പശു, കോഴി മുതലായവയേയും വളർത്തുന്നു. അതുവഴി മുട്ട, പാൽ, മാംസം എന്നീ പോഷക ആഹാരങ്ങൾ അവർക്ക് കിട്ടും. ഇതെല്ലാം അച്ചന്മാരുടേയും, സിസ്റ്റേഴ്സിന്റെയും

മേൽനോട്ടത്തിലാണ്. കുറച്ചുനാൾ അവരുടെ കൂടെ ഇവയിൽ ഒക്കെ പങ്കുചേരാൻ ഞങ്ങൾക്ക് സാധിച്ചതിൽ ഈശോയ്ക്ക് നന്ദി.

കുട്ടികൾ എന്നും 6 മണിക്ക് എഴുന്നേൽക്കുകയും 6.45 ന് ചാപ്പലിൽ പ്രഭാത പ്രാർത്ഥനയ്ക്കായി വരുകയും ചെയ്യുന്നു. 8 മണിക്ക് പ്രഭാത ഭക്ഷണവും, ഓരോരുത്തർക്കും കഴിക്കേണ്ടതായ മരുന്നും കൊടുക്കും. 9 മണി മുതൽ 11 മണി വരെ ഓരോരുത്തർക്കും ഏല്പിച്ചിരിക്കുന്ന ചെറിയ ജോലികളിൽ അവർ വ്യാപൃതരാണ്. 11.30 മണി മുതൽ 5 മണി വരെ മിക്ക കുട്ടികളും ഉച്ചയൂണുമായി സ്കൂളിൽ പോകും. അവിടെ യാതൊരു വിവേചനമില്ലാതെ മറ്റുള്ള കുട്ടികളോടൊപ്പം അവർ പഠിക്കുന്നു. സ്കൂളിൽ നിന്ന് തിരിച്ചെത്തുന്ന കുട്ടികൾ 6:30 വരെ വിവിധയിനം കളികളിൽ ഉല്ലസിക്കുന്നു. 7:45 നുള്ള കൊന്തക്ക് ശേഷം 8:15 ന് അത്താഴം കഴിക്കും. 9 മണിയോടെ എല്ലാവരും ഉറങ്ങാൻ കിടക്കും. മുതിർന്ന കുട്ടികൾ പഠിക്കാനായിരിക്കും. HIV ബാധിതരായ പെൺകുട്ടികളെ അപമാനിതരാകുകയും ബന്ധുക്കൾ വീട്ടിൽ നിന്ന് ഇറക്കി വിടുകയും ചെയ്യുന്നത് ഒരു നിത്യ സംഭവമാണ്. അങ്ങനെ വീട്ടിൽ നിന്ന് ഇറക്കി വിട്ട ഒരു പെൺകുട്ടിയാണ് വർഷ. അവൾ രോഗബാധിതയായി ചികിത്സയ്ക്ക് മിറാജിലെ സിവിൽ ഹോസ്പിറ്റലിൽ എത്തുകയും അവിടെ നിന്ന് ദിലാസയിൽ എത്തുകയും ചെയ്തു. വർഷയുടെയും സതീഷിന്റെയും വിവാഹത്തിൽ പങ്കെടുക്കുവാനും അവരെ സഹായിക്കാനും ദൈവം ഞങ്ങളെ നിയോഗിച്ചത് നന്ദിയോട് ഓർക്കുന്നു. MST സാംഗ്ലി മിഷന്റെ ജൂബിലി വർഷമായിരുന്നു 2015. ആ ചടങ്ങുകളിലെല്ലാം പങ്കെടുക്കുവാൻ ഞങ്ങൾക്കു സാധിച്ചു. ആ അവസരത്തിൽ ബഹുമാനപ്പെട്ട ആലഞ്ചേരി പിതാവ് ദിലാസ സന്ദർശിക്കുകയും കുട്ടികളുടെ കൂടെ ഭക്ഷണം കഴിക്കുകയും അവരുടെ കലാപരിപാടികൾ ആസ്വദിക്കുകയും ചെയ്തു. ജോസച്ചൻ പറഞ്ഞതനുസരിച്ച് പിതാവിനുള്ള ഭക്ഷണം തയ്യാറാക്കാൻ ഞങ്ങൾക്ക് അവസരം കിട്ടി. ദിലാസയിലെ ഭക്ഷണം ഉണ്ടാക്കുന്ന മേരി ചേച്ചിയെ സഹായിക്കുവാനും സാധിച്ചു. ജീവിതത്തിൽ ഒന്നും അല്ലായിരുന്ന, മറ്റുള്ളവരാൽ അപമാനിതരായി ആരോഗ്യം നഷ്ടപ്പെട്ട സ്ഥിതിയിൽ ദിലാസയിൽ എത്തിയ പല കുട്ടികളും MST അച്ചന്മാരുടെയും DSS സിസ്റ്റേഴ്സിന്റെയും പ്രത്യേക പരിചരണത്താൽ അവർക്ക് ഒരു ചിട്ടയായ ജീവിതസാഹചര്യം കിട്ടി ഇന്നും സന്തോഷത്തോടെ ജീവിക്കുന്നു. ദിലാസയിൽ നിന്ന് പുറത്തുപോയി കുട്ടികൾ ചെറിയ

ജോലികൾ ചെയ്ത് എല്ലാ വർഷവും ക്രിസ്തുമസിനും ഈസ്റ്ററിനും ദിലാസയിൽ വരുകയും അവിടെയുള്ള കുഞ്ഞുങ്ങൾക്ക് ഉടുപ്പും കേക്കും സമ്മാനവും കൊടുക്കുന്ന പതിവ് ഞങ്ങൾ കണ്ടിട്ടുണ്ട്. അവർക്ക് ദിലാസ അമ്മവീടാണ്. അപകടസാധ്യതയുള്ളതും, ഭയപ്പെടുത്തുന്നതുമായ ഒരു പ്രവർത്തനമേഖല ആയിട്ടും കർത്താവിന്റെ വഴികളിലൂടെ MST അച്ചന്മാരും, DSS സിസ്റ്റേഴ്സും ചെയ്യുന്ന സുവിശേഷവേല അഭിനന്ദനീയമാണ്. നീതിയോടെ പ്രവർത്തിക്കാനും കരുണ കാണിക്കാനും നമ്മുടെ ദൈവത്തോടൊപ്പം താഴ്മയോടെ നടക്കുവാനും ദൈവം തന്റെ ജനത്തെ വിളിക്കുന്നു. (മിക്കാ 6:86) ലൂക്കായുടെ സുവിശേഷം 10-ാം അധ്യായത്തിൽ പറയുന്നുണ്ട്. “കഷ്ടപ്പെടുന്ന അപരിചിതരെ പരിചരിക്കുന്നവരെ അവൻ ബഹുമാനിക്കുന്നുവെന്ന്. ഈ മൂന്നുമാസം ഞാൻ ദിലാസയിൽ കണ്ട കാഴ്ചകളിലൂടെ എനിക്ക് ദൈവത്തെ ഒത്തിരി സ്തുതിക്കുവാനും സാധിച്ചു. അതോടൊപ്പം MSTമിഷനറി അച്ചന്മാരോടും DSS സിസ്റ്റേഴ്സിനോടും ബഹുമാനത്തിന്റെയും സ്നേഹത്തിന്റെയും അളവു കൂടി.

പൗലോസ് അപ്പസ്തോലൻ നമ്മോട് നിർദ്ദേശിക്കുന്നു. “നന്മ ചെയ്യുന്നതിൽ നാം തളരരുത്. നമുക്ക് അവസരമുള്ളതിനാൽ എല്ലാവരോടും നന്മ ചെയ്യാം. (ഗലാ: 6:9-10)





# പ്രേഷിത വഴിയിൽ

സി. ദയ കൊട്ടാരത്തിൽ ഡി. എസ്. റ്റി
(ഒറീസ്സാ മിഷൻ)

വരുന്നു ഞങ്ങൾ വരുന്നു ഞങ്ങൾ
നാഥാ നിന്നെ പിൻതുടരാനായ്....

സന്യാസ സമർപ്പണവേളയിൽ ദേവാലയാങ്കണത്തിൽ എത്തുമ്പോൾ കേൾക്കുന്ന ഈരടികളാണിവ. പ്രപഞ്ചത്തിന്റെ മായവിലാസങ്ങളെല്ലാം ത്യജിച്ചുകൊണ്ട്, തന്നെത്തന്നെ സ്വയം പരിത്യജിച്ചുകൊണ്ട്, സുവിശേഷോപദേശങ്ങൾ അനുഷ്ഠിച്ചുകൊണ്ട്, നാഥന്റെ മാത്രം സ്വന്തമായിതീർന്നുകൊണ്ട്, വിളിച്ചവൻ നടന്നുനീങ്ങിയ വഴികളിലൂടെ നടന്നുകൊണ്ട് ഈശോയെ അറിഞ്ഞിട്ടില്ലാത്തവരിലേക്ക് കടന്നുചെന്ന് ഉത്ഥിതനെ അനുഭവിച്ചറിഞ്ഞ സന്തോഷം പകർന്നു നല്കുവാൻ സന്തോഷത്തോടെ സ്വന്തം വീട്ടിൽ നിന്നും ഇറങ്ങിപുറപ്പെട്ടവരാണല്ലോ ഓരോ സമർപ്പിതരും.

നാല്പത്തഞ്ചു വർഷങ്ങൾക്കു മുമ്പ് എന്റെ സ്വന്തമായിരുന്നവയെല്ലാം ഉപേക്ഷിച്ച് വീടിന്റെ പടികളിറങ്ങിയപ്പോൾ മനസ്സിൽ ഒരേയൊരു ആഗ്രഹം മാത്രം എന്റെ ഈശോയ്ക്കുവേണ്ടി ആത്മാക്കളെ നേടണം. "അനേകായിരങ്ങൾക്ക് അമ്മയാകുമ്പോൾ സമർപ്പിതരുടെ ലോകം വിശാലമാവുകയാണ്. താല്പര്യമുള്ളവർ ധൈര്യ

പൂർവ്വം ഇതിനായി ഇറങ്ങിപുറപ്പെടണം" ഒരിക്കൽ ഇടവകപള്ളി യിലെ യുവജന ധ്യാനത്തിൽ പങ്കെടുത്തപ്പോൾ ശ്രവിച്ച ഈ വച നങ്ങളാണ് ദൈവവിളി സ്വീകരിക്കുവാനും ഉറ്റവരേയും സ്വന്തമായ വരേയും ഉപേക്ഷിച്ച് സമർപ്പിത ജീവിതത്തെ ആശ്ലേഷിക്കുവാനും എന്നെ പ്രാപ്തയാക്കിയത്. ഈശോയെ അറിഞ്ഞിട്ടില്ലാത്ത സഹോ ദരങ്ങളുള്ള ഇടങ്ങിലേക്ക്, കടന്നുചെന്ന് അവരെ ഈശോയിലേക്ക് ആകർഷിക്കുവാൻ പ്രത്യേകമായ കാരിസം ഉള്ള ഡി. എസ്. റ്റി സന്യാസിനി സമൂഹത്തിലേക്ക്, വഴി കാണിച്ചു തന്നത് എന്റെ കുടും ബാംഗമായ ജോസഫ് കരികിലാംതടത്തിലച്ചനാണ്.

മിഷൻ പ്രദേശങ്ങളിൽ ഉജ്ജയിനിലും, സാംഗ്ലിയിലും കേരള



ത്തിൽ പാലക്കാടും മലബാറിലും പാലയിലും ഭരണങ്ങാനത്തു മായി സേവനമനുഷ്ടിക്കുവാൻ നല്ല ഈശോ എന്നെ അനുവദിച്ചു. എം. എസ്. റ്റി അച്ചന്മാരോടൊത്ത് ഏറിയ കാലവും പ്രേഷിത പ്രവർത്തനം നടത്തുവാൻ സാധിച്ചു എന്നതും ഒരു വലിയ അനു ഗ്രഹം തന്നെയായിരുന്നു. അവരുടെ ലളിതമായ ജീവിതശൈലിയും പ്രേഷിത തീക്ഷണതയും, പ്രാർത്ഥന ചൈതന്യവും എന്നെ ഏറെ സ്വാധിച്ചിട്ടുണ്ട് എന്നു പറയുന്നതിൽ എനിക്കഭിമാനമാണ്. പല മിഷൻ സ്റ്റേഷനുകളിലേയും ആരംഭകാലത്തെ പരിമിതികൾ നിറഞ്ഞ ജീവിതസാഹചര്യങ്ങൾ ഒട്ടനവധി കഷ്ടപാടുകൾ നിറ ഞ്ഞതായിരുന്നെങ്കിലും ഒത്തൊരുമിച്ച് ഒരു മിഷനറിയുടെ തീക്ഷ

ണതയോടെ ഈശോയുടെ കാല്പാടുകൾ പിഞ്ചെല്ലുവാൻ സഹായകമായിരുന്നു. ഇപ്പോൾ ആയിരിക്കുന്ന ഒറീസ്സായിലെ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് അല്പമൊന്നു പറഞ്ഞുകൊള്ളട്ടെ.

## ഒറീസ്സാ മിഷൻ

2018 ഡിസംബർ 14 നാണ് ഒറീസ്സാ മിഷനിലേക്ക് ഞങ്ങളുടെ പ്രേഷിതയാത്ര ആരംഭിച്ചത്. ഡി. എസ്. റ്റി കാരിസം അതിന്റെ തനിമയിൽ ജീവിക്കുന്നതിനായി ഷംഷാബാദ് രൂപതാദ്ധ്യക്ഷൻ മാർ റാഫേൽ തട്ടിൽ പിതാവിന്റെ ക്ഷണം സ്വീകരിച്ച് ഫിയാത്ത് മിഷനോടും എം. എസ്. റ്റി, വൈദികരോടും സഹകരിച്ച് ഒറീസ്സായിലെ കലഹണ്ടി ജില്ലയിൽ രാംപൂർ എന്ന സ്ഥലത്ത് താമസമാരംഭിച്ചു.

എല്ലാ ദിവസവും രാവിലെ ദിവ്യബലിക്കുശേഷം ഉച്ചയ്ക്ക് 12:30 വരെ ദിവ്യകാരുണ്യനാഥന്റെ മുമ്പിൽ ആയിരുന്നത് മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുവാനും ഉത്ഥിതനായ ഈശോയെ അനുഭവിച്ചറിഞ്ഞുകൊണ്ട് പ്രേഷിത പ്രവർത്തന മണ്ഡലങ്ങളിലേക്ക്, കടന്നുപോവുകയും ചെയ്യുന്ന പതിവ് രൂപപ്പെടുത്തിയിരിക്കുകയാണ്. ഗ്രാമവാസികളെ വിശ്വാസ സത്യങ്ങൾ പഠിപ്പിച്ച് കൂദാശകൾക്ക് ഒരുക്കുവാനും വിശ്വാസത്തിൽ വളർത്തുവാനും ശ്രദ്ധിക്കുന്നു. പാവപ്പെട്ട കുടുംബങ്ങളിൽ കയറിയിറങ്ങുമ്പോൾ, അവരെ ശ്രവിക്കുമ്പോൾ, അവരുടെ കണ്ണീരൊപ്പാൻ ഇടയാകുമ്പോൾ ഈശോയുടെ മുഖം തന്നെയാണ് ഞങ്ങൾക്ക് അവരിൽ ദർശിക്കുവാനാകുന്നത്. പലപ്പോഴും ഉപ്പു മാത്രം കൂട്ടി കഞ്ഞികുടിക്കുന്ന അവരുടെ തികച്ചും ദരിദ്രമായ ജീവിതാവസ്ഥ, മരുന്നു വാങ്ങുവാനും ആശുപത്രിയിൽ



പോകുവാനും സാധിക്കാതെ വരുന്ന അവസ്ഥ, ആവശ്യത്തിനു വസ്ത്രം പോലും ധരിക്കാനില്ലാത്ത ഇല്ലായ്മയുടെ അവസ്ഥ എന്നിവയെല്ലാം ഈശോയുടെ അനന്ത സ്നേഹം അവരിലേക്കൊഴുകുവാൻ ഞങ്ങളെ നിർബന്ധിച്ചിട്ടുണ്ട്.

അനേകം മൈലുകൾ നടന്ന് മലകയറി ഗ്രാമങ്ങളിൽ എത്തിക്കഴിയുമ്പോൾ അവരുടെ സ്നേഹവും, പുഞ്ചിരിക്കുന്ന മുഖങ്ങളും ഞങ്ങൾക്ക് എന്നും പ്രചോദനം നല്കുന്നതായിരുന്നു. ഞങ്ങളെ സന്ദർശിക്കാനെത്തിയിരിക്കുന്ന നിങ്ങൾ ആൾരൂപം പ്രാപിച്ച ദൈവങ്ങൾ തന്നെയാണ് എന്ന് ഒരു- അമ്മ പറഞ്ഞത് ഓർക്കുന്നു. നമ്മുടെ വണ്ടി കാണുമ്പോൾ ദൈവത്തിന്റെ വണ്ടി വരുന്നു എന്നാണവർ പറയുന്നുത്. ഒരിക്കൽ കാലുപഴുത്ത് വളരെയധികം വേദനിച്ചിരിക്കുന്ന ഒരു പെൺകുട്ടിയെ ആശുപത്രിയിൽ കൊണ്ടുപോകാൻ ഞങ്ങൾ മുൻകൈയെടുത്ത് തക്കചികിത്സ നല്കിയപ്പോൾ RSS കാരനായ കുട്ടിയുടെ അപ്പൻ പറയുകയാണ് 'ദൈവം കൂടെയുള്ളവർക്കേ' ഇങ്ങനെയൊക്കെ ചെയ്യാനാവുള്ളു എന്ന്. ഞങ്ങൾ ചെയ്ത ഈ ചെറിയ ഒരു പ്രവൃത്തി അദ്ദേഹത്തിന്റെ മാനസാന്തരത്തിനു കാരണമായി എന്നു നമുക്കു വിശ്വസിക്കാം. രോഗികളേയും അശരണരേയും സഹായിക്കുവാനും അവരെ ശ്രവിക്കുവാനും അവർക്കായി ദൈവസന്നിധിയിൽ നിരന്തരം പ്രാർത്ഥിക്കാനും സാധിക്കുമ്പോൾ യഥാർത്ഥമായ ഒരു സ്വർഗീയ



ആനന്ദം ഞങ്ങൾക്ക് അനുഭവിക്കാൻ കഴിയുന്നു. ദൈവമേ അങ്ങേയ്ക്ക് ഒരായിരം നന്ദി.

കൂദാശകൾ പരികർമ്മം ചെയ്യാനും, പ്രാർത്ഥിക്കുവാനുമായി പ്രാർത്ഥനാഭവനങ്ങൾ പണി കഴിപ്പിക്കുക, നിർദ്ധരനായ ഒട്ടനവധി കുട്ടികൾക്ക് സ്കൂളുകളും, ഹോസ്റ്റലുകളും കണ്ടെത്തി വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തുക, കുടവെള്ള പദ്ധതികൾ നടപ്പിലാക്കുക, വിവിധതരം കൃഷികൾ ചെയ്യാൻ ഗ്രാമവാസികളെ പര്യാപ്തരാക്കുക, വിശ്വാസജീവിതത്തിൽ ആഴപ്പെടുവാനായി വിവിധതരത്തിലുള്ള ക്ലാസ്സുകൾ, കോഴ്സുകൾ, ധ്യാനങ്ങൾ തുടങ്ങി ഫാ. ജോസ് ചെരിയമ്പനാട്ട്, ഫാ. അബ്രോസ് എന്നീ എം. എസ്. റ്റി. വൈദികർ ചെയ്യുന്ന നിസ്തുലമായ നിസ്വാർത്ഥമായ സേവനങ്ങൾ ഞങ്ങൾക്ക് എപ്പോഴും പ്രചോദനം തരുന്നു. എം. എസ്. റ്റി. ഒറീസ്സാ മിഷന്റെ ഡയറക്ടറായ ഫാ. ജോമോൻ അയ്യങ്കനാൽ തീക്ഷണത നിറഞ്ഞ, മറ്റു കൊച്ചച്ചന്മാരും ഒറീസ്സായുടെ പലപലസ്ഥങ്ങളിലായി ഇതുപോലെയുള്ള അപ്പസ്തോലിക പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു എന്നത് ഏറെ പ്രശംസനീയം തന്നെ.

നമ്മുടെ ചുറ്റും കഴിയുന്ന പാവപ്പെട്ട ജനങ്ങളുടെ നിലവിളിക്കുള്ള ഉത്തരമാണ് നമ്മുടെ ദൈവവിളി. ആ സ്വരങ്ങൾ കേൾക്കാതെ പോകാൻ നമുക്കാവില്ല. എത്ര പ്രായമായാലും എത്ര തളർന്നാലും, എത്ര കഴിവു കുറഞ്ഞാലും നമ്മെ കാത്തിരിക്കുന്ന ഈ സാഹചര്യങ്ങളിലേക്ക് ഇറങ്ങിചെല്ലാൻ ഈശോയോടുള്ള നമ്മുടെ തീവ്ര സ്നേഹം നമ്മെ നിർബന്ധിക്കുകയാണ്.

'വിളവധികം വേലക്കാരോ ചുരുക്കം' എന്ന ദിവ്യനാഥന്റെ തിരുവചസുകൾ അനർത്ഥമാകണമെങ്കിൽ നമുക്ക് ആത്മാർത്ഥതയോടെ, തീക്ഷണതയോടെ ഇറങ്ങി പുറപ്പെടാൻ കഴിയണം. അതിനു സന്നദ്ധരായാൽ ബാക്കിയെല്ലാം ദൈവം നമുക്കായി തന്നുകൊള്ളാം. തളരാത്ത മനസ്സും ഇടറാത്ത പാദങ്ങളും ശ്രവിക്കുന്ന ഹൃദയങ്ങളും അവിടുന്ന് കൂട്ടിചേർത്ത് തരുമെന്ന് ഉറച്ചു വിശ്വസിക്കാം.

അനേകർക്ക്, വേണ്ടി രുചിയുള്ള അപ്പം ഉണ്ടാക്കുവാൻ കഴിവുള്ള പുളിമാവാണ് നാം ഓരോരുത്തരും. ആ അപ്പത്തിനുവേണ്ടിയാണ് അനേകർ വിശപ്പനുഭവിക്കുന്നു. നാം ആയിരിക്കുന്ന ഇടങ്ങളിൽ നമ്മുടെ ചുറ്റുമുള്ള സഹോദരങ്ങളുടെ

ആവശ്യങ്ങൾ അഭിലാഷങ്ങൾ, നിരാശകൾ, പ്രതീക്ഷകൾ എന്നിവയുടെ നേർക്ക് നിതാന്ത ജാഗ്രത പുലർത്തുവാൻ സ്വരമില്ലാത്തവരുടെ സ്വരമായിത്തീരുവാൻ നമുക്ക് ശ്രദ്ധാലുക്കളാകാം

'നമുക്കും അവനോടൊപ്പം പോയി മരിക്കാം' എന്ന വിശുദ്ധ തോമാശ്ലീഹായുടെ ധീരതനിറഞ്ഞ ശബ്ദം നമ്മുടെ കർണ്ണപടങ്ങളിൽ എപ്പോഴും മാറ്റൊലി കൊണ്ടാൽ നമുക്ക് അടങ്ങിയിരിക്കാനാവുമോ? വഴിയും സത്യവും ജീവനുമായ ഈശോ നമുക്ക് എന്നും വഴികാട്ടിയായി നമ്മോടുകൂടെയുണ്ടെങ്കിൽ ഭയത്തിന് അവിടെ സ്ഥാനമില്ലാതാകും. ഉത്ഥിതന്റെ തിരുവിലാവും തിരുമുറിവുകളും കണ്ടപ്പോൾ തോമശ്ലീഹാ ഉദ്ഘോഷിച്ചു എന്റെ കർത്താവേ എന്റെ ദൈവമേ എന്ന്. ഈ ഉത്ഥാന അനുഭവം നമുക്കു ശക്തിസ്രോതസ്സായി മാറട്ടെ.

പ്രേഷിതതാരമായ പരിശുദ്ധ കന്യകാമറിയവും ഉണ്ണീശോയുടെ നിതാന്ത സംരക്ഷകനായിരുന്ന വി. യൗസേപ്പിതാവും തിരുമുറിവുകൾ സ്പർശിച്ച ധീരനായ നമ്മുടെ തോമാശ്ലീഹായും നമ്മോടൊപ്പം എന്നും ഉണ്ടായിരിക്കട്ടെ. അവരുടെ മാദ്ധ്യസ്ഥം നിരന്തരം യാചിച്ചുകൊണ്ട് ഈശോയുടെ രണ്ടാം വരവിനായി ലോകജനതയെ ഒരുക്കാൻ നിയോഗിക്കപ്പെട്ട തീക്ഷണതയുള്ള മിഷനറിമാരായി നമുക്കു രൂപാന്തരപ്പെടാം.

ജയ് ക്രൈസ്റ്റ്



## തസ്ഗാവിന് വെളിച്ചമായി സാന്തോം സെന്റർ



മഹാരാഷ്ട്രയിലെ സാംഗ്ലിയ്ക്കടുത്തുള്ള തസ്ഗാവിൽ ഗ്രാമവാസികൾക്കായി എം. എസ്.റ്റിയുടെ പുതിയ മിഷൻ കേന്ദ്രം ആരംഭിച്ചു. ഗ്രാമവാസികളുടെ ഉന്നമനത്തിനായി വിദ്യാഭ്യാസത്തിനും ആരോഗ്യപരിരക്ഷയ്ക്കും ഊന്നൽ കൊടുത്തുകൊണ്ടാണ് ഈ മിഷൻ കേന്ദ്രം പ്രവർത്തിക്കുക എന്ന് ഈ സെന്ററിന്റെ ഡയറക്ടറായ ബഹു. അരുൺ കാരക്കാട്ട് അച്ചൻ അറിയിച്ചു. ഈ സെന്ററിന്റെ ഉദ്ഘാടനം സാംഗ്ലി മിഷൻ സൊസൈറ്റിയുടെ ഡയറക്ടറായ ജോബി ഞള്ളിയിൽ അച്ചൻ നിർവഹിച്ചു.

## ബലസ്വവായിൽ പുതിയ ചൈൽഡ് റിസ്സോഴ്സ് സെന്റർ



ഡൽഹിയിലെ മാലിന്യകൂമ്പാരമായ ബലസ്വായിൽ കഴിഞ്ഞ 10 വർഷമായി എം. എസ്. റ്റി വൈദികർ ജോലി ചെയ്യുന്നു. അവിടുത്തെ കുഞ്ഞുങ്ങളുടെയും, സ്ത്രീകളുടെയും ഉന്നമനത്തിനായാണ് എം.

എസ്. റ്റി വൈദികർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ പ്രവർത്ത



നങ്ങൾക്ക് ആക്കം കൂട്ടുവാൻ ബലസ്വായിൽ പുതിയ ചൈൽഡ് റിസ്സോഴ്സ് സെന്റർ ആരംഭിച്ചിരിക്കുന്നു. ഈ സെന്ററിൽ കുട്ടികൾക്ക് വേണ്ടി നോൺ ഫോർമൽ എഡ്യുകേഷനും, സ്ത്രീകൾക്കായി തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും നല്കുമെന്ന് ദീപ്തി ഫൗൺഡേഷൻ ഡയറക്ടറായ ഫാ. സന്തോഷ് ഓലപ്പുര അറിയിച്ചു.

## ചർച്ച് & കമ്മ്യൂണിറ്റി സെന്ററിന്റെ നിർമ്മാണത്തിന് തറക്കല്ലിട്ടു



ലക്ഷ്മിപുർ മിഷനിലെ ഖോഡോംചോള ഗ്രാമത്തിൽ പുതുതായി നിർമ്മിക്കുന്ന ചർച്ച് & കമ്മ്യൂണിറ്റി കെയർ സെന്ററിന് ബിഷപ്പ് മാർ റാഫേൽ തട്ടിലിൽ തറക്കല്ലിട്ടു. ചടങ്ങിൽ ധാരാളം ഗ്രാമീണർ പങ്കെടുത്തു. പ്രാർത്ഥനാ സമ്മേളനങ്ങൾ, അനൗപചാരിക വിദ്യാഭ്യാസ പരിപാടികൾ, നൈപുണ്യ വികസന പരിശീലനം, മെഡിക്കൽ ക്യാമ്പുകൾ നടത്തുക തുടങ്ങിയവയ്ക്കായി ഈ കേന്ദ്രം ഉപയോഗിക്കും. ഗ്രാമീണരുടെ സഹകരണത്തോടെ സിസിസിയുടെ നിർമ്മാണം പുരോഗമിക്കുകയാണ്.

## മഹിളകൾക്കായി ബലിഗുഡയിൽ ടെയിലറിംഗ് സെന്റർ

ബലിഗുഡ നിർമൽ ജ്യോതി സെന്ററിന് കീഴിലുള്ള സിറ്ല എന്ന ഗ്രാമത്തിലെ മഹിളകൾക്കായി ഒരു SG ഉണ്ടായിരുന്നു. ഈ



SG യുടെ നേതൃത്വത്തിൽ മഹിളകൾക്കായി ഒരു ടെയിലറിംഗ് സെന്റർ ആരംഭിച്ചു. അതിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചത് ബഹുമാനപ്പെട്ട മനു പൊട്ടനാനി അച്ചനായിരുന്നു. ഏകദേശം 12 -ഓളം സ്ത്രീകൾ ടെയിലറിംഗ് പഠിക്കുവാനായി വരുന്നുണ്ട്. ഈ സെന്ററിൽ ഇവിടെ എത്തുന്നവരെ പരിശീലിപ്പിക്കാനായി ഒരു ടീച്ചറിനെ നിയമിച്ചിട്ടുണ്ട്. ഒരു മാസത്തെ ട്രയിനിംഗ് ആണ് ആദ്യം കൊടുക്കുന്നത്. അവരുടെ കഴിവുകൾ അറിഞ്ഞശേഷം മുന്നോട്ടുള്ള പ്രവർത്തനങ്ങൾ തീരുമാനിക്കും.

## കുട്ടികൾക്കായി ഒരു ക്യാമ്പ് സംഘടിപ്പിച്ച് റോഡു മിഷൻ



ബഹുമാനപ്പെട്ട ഫാ. സനോജ് അച്ചന്റെയും ബിനോയി അച്ചന്റെയും നേതൃത്വത്തിൽ ഹിമാചൽപ്രദേശിലെ റോഡുവിൽ കുട്ടികൾക്കായി ഒരു ക്യാമ്പ് സംഘടിപ്പിച്ചു. കുട്ടികളുടെ വിവിധ തരത്തിലുള്ള കലാവാസനകളെ പ്രോത്സാഹിപ്പിക്കുവാനും, വിശ്വാസ സംബന്ധമായ കാര്യങ്ങളിൽ അവരുടെ വിശ്വാസം ആഴപ്പെടുത്തുവാനും ഈ ക്യാമ്പിന് സാധിച്ചു. ബഹുമാനപ്പെട്ട ബിനോയ് അച്ചൻ ക്യാമ്പിന് സഹായിക്കുകയും, കുട്ടികൾക്ക് ക്ലാസ്സ് എടുക്കുകയും ചെയ്തു. ഏകദേശം 50 കുട്ടികൾ ഈ ക്യാമ്പിൽ പങ്കെടുക്കുകയും അവർക്ക് നല്ലരീതിയിലുള്ള ഓറിയന്റേഷൻ ലഭിക്കുകയും ചെയ്തു.

**ഗ്രാമീണർക്കായി പുതിയ പള്ളികൾ**



ശിക്കാട്ടി, ഡോഡ്ഖോംഗിയ ഗ്രത്തിലുള്ളവർക്കായി രണ്ട് പള്ളികകൾ ആശീർവദിക്കപ്പെട്ടു. 50 ഓളം ഗ്രാമീണർ ഉള്ള വിശ്വാസ സമൂഹമാണിവിടെയുള്ളത്. രണ്ട് പള്ളികളുടെയും ആശീർവാദം



അഭിവന്ദ്യ മാർ തട്ടിൽ പിതാവ് നിർവഹിച്ചു. ഈ രണ്ട് പള്ളികളോട് ചേർന്ന് ചെറിയ പള്ളിക്കൂടങ്ങളും സാമൂഹ്യ പ്രവർത്തന കേന്ദ്രങ്ങളും പ്രവർത്തിക്കുമെന്ന് ഒറീസ്സാ മിഷന്റെ ഡയറക്ടറായ ജോമോൻ അയ്യങ്കനാൽ അച്ചൻ അറിയിച്ചു. ഈ രണ്ടു പള്ളിയിൽ ആഴ്ചയിൽ 3 ദിവസം സീറോ മലബാർ വിശുദ്ധ കുർബ്ബാന നടത്തപ്പെടുകയും ചെയ്യും.



# വഴിത്താര തീർക്കുന്നവർ

ഫാ. തോമസ് ചെങ്ങനാരിപ്പറമ്പിൽ എം. എസ്. റ്റി



തയ്യാറാക്കിയത്:
ഫാ. ബിൻസ് പൊട്ടനാനിയിൽ എം. എസ്. റ്റി

**1. അച്ചനു ലഭിച്ച ദൈവവിളിയെപ്പറ്റി വിശദീകരിക്കാമോ ?**

ചെറുപ്പത്തിൽ അഞ്ചാം ക്ലാസ്സുമുതൽ ഞാൻ അൾത്താര ശുശ്രൂഷിയായിരുന്നു. സോഡാലിറ്റി, മിഷൻ ലീഗ്, അൾത്താര ശുശ്രൂഷാ ബാലസംഘം ഇവ മൂന്നിലും പ്രവർത്തിച്ചിരുന്ന കുട്ടികളായ ഞങ്ങളോട് വികാരിയച്ചനായ ബഹുമാനപ്പെട്ട ജോൺ തൊട്ടുവേലിൽ അച്ചൻ മാതാവിനോടും ദൈവവിളിക്കുവേണ്ടിയും പ്രാർത്ഥിക്കണമെന്ന് പറയുവായിരുന്നു. അങ്ങനെയാണ് സെമിനാരിയിൽ പോകുന്നതിനെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങിയത്. വീട്ടിൽ നിന്നും ഒരുപാട് പ്രോത്സാഹനം ലഭിച്ചിരുന്നു. ജോർജ് കാവുകാട്ടച്ചൻ വഴിയായി MST യെപ്പറ്റിയും മിഷൻ പ്രവർത്തനങ്ങളെപ്പറ്റിയും അറിയുകയും തുടർന്ന് വികാരിയച്ചന്റെ പ്രോത്സാഹനത്തിൽ MST യിൽ ചേരുകയും ചെയ്തു.

## 2. മനോവികാസിന്റെ തുടക്കവും പ്രവർത്തനങ്ങളും എപ്രകാരമായിരുന്നു?

എരുമേലി ഫൊറോനാ പള്ളിയിൽ രണ്ടു വർഷമായി സേവനമനുഷ്ഠിച്ചുകൊണ്ടിരുന്ന അവസരത്തിലാണ് ഉപരിപഠനത്തിനായി മേലധികാരികൾ നിർദ്ദേശിച്ചത്. മാനസിക ശാരീരിക വൈകല്യമുള്ള കുട്ടികളെ പരിചരിക്കുന്ന സ്പെഷ്യൽ എഡ്യൂക്കേഷനിൽ ഉപരിപഠനം ചെയ്യാനുള്ള ഒരു ആശയം ബഹുമാനപ്പെട്ട തുരുത്തേലച്ചൻ മുന്നോട്ടു വയ്ക്കുകയും തുടർന്ന് തിരുവനന്തപുരത്തുള്ള ഫെലിക്സ് അച്ചനിൽനിന്ന് ഇതിനെപ്പറ്റി കൂടുതൽ അന്വേഷിക്കുകയും ചെയ്തു. ഫെലിക്സ് അച്ചന്റെ നേതൃത്വത്തിലുള്ള സ്പെഷ്യൽ സ്കൂൾ കാണുകയും അവിടെയുള്ള കുട്ടികളെ കാണുകയും ചെയ്തപ്പോൾ ഇങ്ങനെ ഒരു മേഖലയിൽ പ്രവർത്തിക്കുന്നത് നല്ലതാണെന്നു തോന്നി. സൊസൈറ്റിയിൽ നിന്നും ഇതുവരെ ആരും ഈ ഒരു മേഖലയിൽ പരിശീലനം നേടിയിട്ടില്ലാത്തതിനാൽ മേലധികാരികൾ ഒരു പരീക്ഷണാർത്ഥം എനിക്ക് അവസരം നൽകി. ഒരു വർഷത്തെ പരിശീലനത്തിന് ശേഷം ഫെലിക്സ് അച്ചന്റെകൂടെ സ്പെഷ്യൽ സ്കൂളിൽ ഒരു സ്റ്റാഫ് എന്ന നിലയിൽ പ്രവർത്തനം ആരംഭിച്ചു. തുടർന്ന് പെരുമാറ്റം പിതാവ് ഇതുപോലെയൊരു സേവനം ഉജ്ജയിനിൽ തുടങ്ങുവാൻ നിർദ്ദേശിക്കുകയും 1994 ജൂലൈയിൽ ഞാൻ ഉജ്ജയിനിലെത്തി. മൂന്ന് വർഷം മണിച്ചേരി അച്ചനൊപ്പം ഭാഷ പഠനത്തിനും ഗ്രാമങ്ങൾതോറുമുള്ള ചെറിയ അധ്യാപനത്തിനും ശേഷം സ്പെഷ്യൽ എഡ്യൂക്കേഷൻ മേഖല തുടങ്ങാൻ ആരം



ഭിച്ചു. ഉജ്ജയിനിൽ ഡോ. ഗബ്രിയേൽ വഴിയായി അഞ്ചു പെൺകുട്ടികളെ കണ്ടുപിടിക്കുകയും അവർക്ക് പരിശീലനം നൽകുകയും തുടർന്ന് 1997 ഡിസംബറിൽ ഗ്രാമങ്ങൾ സന്ദർശിച്ച് ഒരു സർവേ നടത്തുകയും ഏകദേശം തൊള്ളായിരത്തോളം സ്പെഷ്യൽ കുട്ടികളെ കണ്ടുപിടിക്കുകയും ചെയ്തു. ഇത്തരത്തിലുള്ള കുട്ടികളെ വീടിനു പുറത്തിറക്കാതെയും ഒളിപ്പിച്ചും കഴിഞ്ഞിരുന്ന മാതാപിതാക്കളെ ഈ പദ്ധതിയെപ്പറ്റി ബോധവാന്മാരാക്കുന്നത് വളരെ പ്രയാസമുള്ള കാര്യമായിരുന്നു. പിന്നീട് ഉജ്ജയിനിൽ പലഗ്രാമങ്ങളിലായി 68 ചെറിയ കേന്ദ്രങ്ങൾ രൂപപ്പെടുത്തുകയും അതാത് ഗ്രാമത്തിലുള്ളവരെ അവിടെ ഒരുമിച്ചു കൂട്ടുകയും ചെയ്തു. അതുകൂടാതെ ഉജ്ജയിനിലേ സെന്റ് മേരീസ് സ്കൂളിൽ ഒരു മുറി ലഭിക്കുകയും സ്പെഷ്യൽ കുട്ടികളെ പരിശീലിപ്പിക്കുകയും ചെയ്തുപോന്നു. പരിശീലനത്തിന്റെ ഗുണം ധാരാളം മാറ്റം വരുത്തുന്നുണ്ടെന്നു മാതാപിതാക്കൾക്ക് ബോധ്യമാകുകയും ഇതിനോട് പൂർണമായി സഹകരിക്കാനും തുടങ്ങി. തുടർന്ന് രണ്ടായിരത്തിൽ സുഭാഷ് നഗർ എന്ന സ്ഥലത്തു ഒരു വീട്ടിൽ പരിശീലനങ്ങൾ തുടർന്ന് കൊണ്ടിരുന്നു. കുട്ടികളുടെ എണ്ണം കൂടിയതിനാലും നിലവിലെ സൗകര്യം കുറവായതിനാലും പുതിയ സ്ഥലം വാങ്ങുകയും കെട്ടിടം പണിയാൻ ആരംഭിക്കുകയും ചെയ്തു. 2003ൽ പണി പൂർത്തിയാക്കുകയും മനോവികാസ് പുനരാരംഭിക്കുകയും ചെയ്തു. അതോടൊപ്പം തന്നെ ദൂരെയുള്ളവർക്കായി നാല് സ്ഥലങ്ങളിൽ സാമൂഹിക കേന്ദ്രങ്ങൾ ആരംഭിക്കുകയും പരിശീലനം കൊടുക്കുകയും മനോവികാസിന്റെ സേവനങ്ങൾ എല്ലാവർക്കും ലഭ്യമാക്കുകയും ചെയ്യുന്നു.



**3. നാഷണൽ അവാർഡ് ലഭിക്കാനുള്ള സാഹചര്യം വ്യക്തമാക്കമോ?**

നാഷണൽ അവാർഡ് 2008 ഡിസംബർ 3-ാം തിയതിയാണ് ലഭിക്കുന്നത്. മനോവികാസിന്റെ പ്രവർത്തനവുമായി മുന്നോട്ടു പൊയ്ക്കോണ്ടിരുന്ന സമയത്താണ് കളക്ടർ ഉൾപ്പടെ പല സ്ഥലങ്ങളിൽ നിന്നും ഇത്തരം കുട്ടികൾക്കുവേണ്ടി പരിശീലന കേന്ദ്രങ്ങൾ തുടങ്ങണമെന്ന ആവശ്യം മുന്നോട്ടുവെച്ചത്. തുടർന്ന് പല സ്ഥലങ്ങളിലും നടത്തിയ സർവേയുടെ അടിസ്ഥാനത്തിൽ പതിനാലു




സ്ഥലങ്ങളിൽ മനോവികാസിന്റെ ബ്രാഞ്ചുകൾ തുടങ്ങി. അങ്ങനെ നമ്മുടെ ഈ പ്രവർത്തനങ്ങൾ വ്യാപിച്ചതിന്റെയും വീടുകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളുടെയും വെളിച്ചത്തിൽ ഗവൺമെന്റ് തലത്തിൽ വളരെ ചർച്ചയാവുകയും അവർക്കിഷ്ടപ്പെടുകയും. പിന്നീട് ഗവൺമെന്റുമായി യോജിച്ചു സഹകരിക്കുവാനും അതിലൂടെ ഒരുപാട് പ്രവർത്തിക്കുവാനും സാധിച്ചു. പിന്നീട് ഗവൺമെന്റ് ഉദ്യോഗസ്ഥർക്കും മറ്റു അധ്യാപകർക്കും ഒരുപാട് പരിശീലന പരിപാടികളും സ്കൂൾ കോളേജ് തലങ്ങളിൽ ബോധവത്കരണ ക്യാമ്പുകളും സംഘടിപ്പിച്ചു. കൂടാതെ മനോവികാസിൽ വളരെ ചെറുപ്പത്തിലേ തന്നെ കൊച്ചുകുട്ടികൾക്ക് ഫിസിയോ തെറാപ്പി ചികിത്സ സംവിധാനം ലഭ്യമാക്കിയതോടെ അവരുടെ ജീവിതത്തിൽ വളരെയേറെ മാറ്റങ്ങൾ കണ്ടു തുടങ്ങി. ഇതിന്റെയെല്ലാം ഫലമായി 2007 ഡിസംബറിൽ മുഖ്യമന്ത്രി ശിവരാജ് സിങ് ചൗഹാൻ നമ്മുടെ പ്രവർത്തങ്ങളെയെല്ലാം അംഗീകരിച്ചുകൊണ്ട് ഒരു സംസ്ഥാന സർട്ടിഫിക്ക

റ്റ് നൽകുകയുണ്ടായി. തുടർന്ന് സംസ്ഥാന ഗവണ്മെന്റ് കൂടുതൽ പ്രോത്സാഹങ്ങൾ നൽകിക്കൊണ്ടിരുന്നു. പിന്നീട് ജില്ലാ കളക്ടറുടെ കയ്യിൽ നിന്നും ഒരു സർട്ടിഫിക്കറ്റ് ലഭിച്ചപ്പോൾ district welfare department നമ്മുടെ പ്രവർത്തനങ്ങളെ ദേശീയ അവാർഡിനായി ശുപാർശ ചെയ്തു. അങ്ങനെ 2008 ഡിസംബർ 8 ന് ഡൽഹിൽ വച്ച് ശാരീരിക മാനസിക വൈകല്യമുള്ളവരുടെ ശാക്തീകരണത്തിനായി പ്രവർത്തിക്കുന്നവർക്കുള്ള അവാർഡ് കരസ്ഥമാക്കി.

### 4. MST കൗൺസിലർ എന്ന നിലയിൽ അച്ചന്റെ അനുഭവം

2013 ൽ ഞാൻ മനോവികാസിൽ ആയിരുന്ന സമയത്താണ് mst കൗൺസിലറായി തിരഞ്ഞെടുക്കപ്പെട്ടത്. MST സഭയുടെ വിദ്യാഭ്യാസത്തിന്റെയും സാമൂഹിക സേവനത്തിന്റെയും ഉത്തരവാദിത്വമാണ് ഞാൻ ഏറ്റെടുത്തിരുന്നത്. ആ അവസരത്തിൽ MST യുടെ നേതൃത്വത്തിൽ നടത്തിവരുന്ന സ്കൂളുകളും സാമൂഹിക സേവന കേന്ദ്രങ്ങളും അവിടെ സേവനമനുഷ്ഠിക്കുന്ന ബഹുമാനപ്പെട്ട വൈദികരെയും സന്ദർശിക്കാൻ ലഭിച്ച അവസരം വളരെ വലിയ അനുഭവമായിരുന്നു. നട; യുടെ എഡ്യൂക്കേഷൻ പോളിസി അനുസരിച്ച് മിഷനറി ദൗത്യവുമായി അഭിവിന്യസിപ്പിക്കുന്ന തരത്തിൽ പുതിയ സ്കൂളുകൾ തുടങ്ങുവാനും നിലവിൽ ആരംഭഘട്ടത്തിലുള്ള സ്കൂളുകളെ വളർത്തിയെടുക്കാനും സാധിച്ചു. അതിലുമുപരിയായി സാമൂഹിക സേവനങ്ങളിലൂടെയും പ്രത്യേകിച്ച് സ്പെഷ്യൽ സ്കൂളുകളിലൂടെയും ഗ്രാമങ്ങൾതോറുമുള്ള വിവിധ പ്രവർത്തനങ്ങളിലൂടെയും കൂടുതൽ ആളുകളുമായി ബന്ധം സ്ഥാപിക്കാനും സാധിച്ചു. അതുപോലെ സ്കൂളുകളുടെ സഹായത്തോടെ ഒരുപാട് സാമൂഹികപ്രവർത്തനങ്ങളും നടത്തുകയും സ്കൂൾ കുട്ടികളെയും അവരുടെ മാതാപിതാക്കളെയും ഉൾപ്പെടുത്തി നാം ചെയ്യുന്ന സ്പെഷ്യൽ സ്കൂളുപോലുള്ള സാമൂഹിക സേവനങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുകയും ചെയ്യാൻ സാധിച്ചു.

### 5. ഇപ്പോൾ സേവനം ചെയ്യുന്ന ഭോപ്പാലിലെ മലയാളികൾക്കിടയിലുള്ള അജപാലനശുശ്രൂഷ വ്യക്തമാക്കാമോ?

ഭോപ്പാലിൽ സീറോമലബാർ വിശ്വാസികളായിട്ട് ഏകദേശം 350 പേരുണ്ട്. 1960 മുതൽ പല സമയങ്ങളിലായി കേരളത്തിൽ നിന്നും കുടിയേറി താമസിച്ചവരായ ഇവർ ഇപ്പോൾ ഒന്നും രണ്ടും തലമുറകൾക്കു ശേഷം മൂന്നാം തലമുറയിൽ എത്തിയിരിക്കുകയാണ്. എന്നാൽ പുതിയ തലമുറയിലുള്ളവർക്ക് സീറോ മലബാർ സഭ



യിൽ പെട്ടവരാണ് ത ങ്ങൾ എന്ന തിരിച്ചറി വ് പല അജപാലന സാ ഹചര്യങ്ങളുടെ കുറവ് മൂലം നഷ്ടപ്പെട്ടിരുന്നു. എന്നാൽ കഴിഞ്ഞ പ ന്ത്രണ്ടു വർഷമായി MST വൈദികർ ഈ മേഖലയിൽ പ്രത്യേക മായി പ്രവർത്തിച്ചു വ രുന്നു. ആദ്യം ഫ്രാൻ സിസ് കണ്ടത്തിലച്ചന്റെ പ്രയത്നത്തിലൂടെയും പിന്നീട് വന്ന ജെയിംസ് അത്തിക്കളം പി താവിന്റെ പ്രവർത്തനങ്ങളിലൂടെയും ഭോപ്പാൽ സീറോ മലബാർ വിശ്വാസികൾക്ക് ഒരു പ്രത്യേക സഭ വ്യക്തിത്വം സ്വന്തമാക്കാൻ സാധിച്ചു. അതിനുശേഷമാണ് ഞാൻ ഈ ഉത്തരവാദിത്വം ഏറ്റെടു ക്കുന്നത്. ഫ്രാൻസിസ് അച്ചൻ ഇവിടെയുള്ള സീറോ മലബാർ വി ശ്വാസികളെ വാർഡുകളായി തിരിക്കുകയും വാർഡ് പ്രാർത്ഥനക ൾ നടത്തുകയും ഞായറാഴ്ച കുർബാനയ്ക്ക് ഒരുക്കുകയും കുട്ടി കൾക്കായി മതബോധനം തുടങ്ങുകയും ചെയ്തു. ഇരുപത്തിയ ഞ്ചു വർഷമായി ശ്രമിച്ചുകൊണ്ടിരുന്നു സീറോ മലബാർ വിശ്വാ സികളെ ഒരുമിച്ചു കൂട്ടുക എന്ന ലക്ഷ്യത്തിന്റെ പൂർത്തീകരണമാ യി ഭോപാൽ ആർച്ചുബിഷപ് ചില നിബന്ധനകളോടെ സീറോ മ



ലബാർ സമൂ ഹത്തെ ഫ്രാൻസി സച്ചന് ഭരമേല്പിക്കു കയായിരുന്നു. സേവാ സദൻ ലാ റ്റിൻ പള്ളിയിലാണ് കുർബാന അർപ്പി ക്കാൻ അവസര മുണ്ടായിരുന്നത്. ഇ ത് പലർക്കും അസാ കര്യമായിരുന്നതി



നാൽ സ്വന്തമായി ഒരു പള്ളി എന്നത് ഒരു സ്വപ്നമായിരുന്നു. 2017ൽ പള്ളിക്കായി ഒരു സ്ഥലം വാങ്ങി. തുടർന്ന് അത്തിക്കളം പിതാവ് സാഗർ രൂപതാധ്യക്ഷനായി തിരഞ്ഞെടുക്കപ്പെടുകയും പിന്നീട് ഞാൻ ഈ ദാത്യം ഏറ്റെടുക്കുകയും ചെയ്തു. തുടർന്ന് വാർഡ് പ്രാർത്ഥനാസമ്മേളനങ്ങൾ സജ്ജീവമാക്കുകയും ദൈവാലയ നിർമാണത്തെക്കുറിച്ചുള്ള ആശയങ്ങൾ രൂപപ്പെട്ടുവരികയും ചെയ്തു. നിലവിൽ വിശുദ്ധ കുർബാന നടത്തിയിരുന്ന സ്ഥലത്ത് എല്ലാവർക്കും എത്തിച്ചേരാൻ അസൗകര്യം ഉണ്ടായതിനാൽ കോളാർ എന്ന സ്ഥലത്തു സ്ഥിതിചെയ്യുന്ന മദർ തെരേസ സ്കൂളിൽ സ്ഥലം ലഭിക്കുകയും 2018 മുതൽ വിശുദ്ധ കുർബാന അവിടെ ആരംഭിക്കുകയും ചെയ്തു. അതിനുശേഷം 2019 ഫെബ്രുവരയിൽ ലാമ്പാക്കടയിൽ ASMI സിസ്റ്റേഴ്സ് നടത്തുന്ന സ്പെഷ്യൽ സ്കൂളിൽ സ്ഥലം ലഭിക്കുകയും വിശുദ്ധ കുർബാനയും മതബോധനവും ആരംഭിക്കുകയും ചെയ്തു. തുടർന്ന് കോളാറിൽ പള്ളി പണിയാനുള്ള സ്ഥലം അന്വേഷിച്ചുകൊണ്ടിരുന്നു. സ്ഥലത്തിന്റെ ഭീമമായ വിലയും മറ്റു വിപരീത സാഹചര്യങ്ങളും മൂലം ബുദ്ധിമുട്ടിയപ്പോൾ, മദർ തെരേസ സ്കൂളിന്റെ ഉടമസ്ഥനും ബിജെപി പാർട്ടിയിലെ നേതാവുമായ വാജ്പേയ് പള്ളി പണിക്കായി സ്ഥലം സൗജന്യമായി നൽകി. അപ്പോൾ കുറച്ചുപേർ മുൻകൈ എടുക്കുകയും രൂപതയിൽ നിന്നും അനുവാദം വാങ്ങി 2019 ജനുവരി 26ന് പള്ളി പണി ആരംഭിക്കുകയും ചെയ്തു. 2019 നവംബർ 9ന് പള്ളിയുടെ കൂദാശ നിർവഹിക്കുകയും തുടർന്ന് ദിവസവും തിരുക്കർമങ്ങൾ ആരംഭിക്കുക



യും ചെയ്തു. ആ അവസരത്തിൽ 2018 ഒക്ടോബർ മാർ ആലഞ്ചേരി പിതാവ് ഭോപ്പാലിലൂടെ പോയ സമയത്ത് പുതിയ പള്ളിക്കുള്ള കല്ലിട്ടു. പിന്നീട് പള്ളിപണിയുടെ അനുവാദം കിട്ടാൻ വൈകി. അങ്ങനെ 2019 നവംബറിൽ പണി ആരംഭിച്ചു. കോവിഡ് 19 ന്റെ പ്രഭാവം പള്ളിപണിയെ സാരമായി ബാധിച്ചു. ആവശ്യമായ സാമ്പത്തികം ലഭ്യമാകാതെയായി. എങ്കിലും എല്ലാ പ്രതിസന്ധികളെയും തരണം ചെയ്ത 2021 ഫെബ്രുവരി ഏഴാം തിയ്യതി പുതിയ പള്ളി ദൈവാനുഗ്രഹത്താൽ വെഞ്ചരിക്കാൻ സാധിച്ചു. അങ്ങനെ ഏകദേശം ഇരുപത്തിയഞ്ചു കിലോമീറ്റർ ചുറ്റളവിൽ ഭോപ്പാലിലെ സീറോ മലബാർ വിശ്വാസികൾ പടർന്നു കിടക്കുന്നു. അവർക്കായി ഭവനസന്ദർശനങ്ങളും പ്രാർത്ഥനായോഗങ്ങളുമായി ഭോപാൽ മിഷൻ മുന്നോട്ടു പോകുന്നു.

### 6. സാന്തോം ഫെല്ലോഷിപ് അംഗങ്ങൾക്കുള്ള ഒരു സന്ദേശം

സഭയിൽ എല്ലാവരും മിഷനറിമാരാണ്. ഭോപ്പാലിലാണെങ്കിലും കേരളത്തിലാണെങ്കിലും ഉജ്ജയിനിലാണെങ്കിലും മാണ്ഡ്യയിലാണെങ്കിലും സാംഗ്ലീയിലാണെങ്കിലും ഡൽഹിയിലാണെങ്കിലും എല്ലാവരും മിഷനറിമാരാണ്. ക്രിസ്തുവിന്റെ അനുയായികളായ നാമെല്ലാവരും ക്രിസ്ത്യാനികളാണ്. സഭയുടെ ഒരു സ്ഥലത്തെ വളർച്ച എന്ന് പറയുന്നത് സഭയുടെ മൊത്തത്തിലുള്ള വളർച്ചയാണ്. എല്ലാവരും അതിൽ പങ്കാളികളാണ്. കേരളത്തിലെ നമ്മുടെ മാതൃസഭ മറ്റു സ്ഥലങ്ങളിലേക്കുള്ള വളർച്ചയിൽ പങ്കാളികളാകണം. സാന്തോം ഫെല്ലോഷിപ്പ് മെംമ്പേർസ് എന്ന നിലക്ക് പ്രാർത്ഥനകൊണ്ടും മറ്റു തരത്തിലുള്ള സഹകരണം കൊണ്ടുമെല്ലാം സഭയുടെ വളർച്ചയെ സഹായിക്കുവാനായിട്ട് വിളിക്കപ്പെട്ടവരാണ്. സഭയെ സ്നേഹിക്കുന്ന സഭയുടെ മക്കളായ നാമെല്ലാവരും നൽകുന്ന ആത്മീയവും സാമ്പത്തികവുമായ സഹായങ്ങളെല്ലാം സഭയെ വളർത്തുവാനും സഭയുടെ വളർച്ചയിൽ നമ്മെ പങ്കുകാരാക്കുകയുമാണ്.

Santhome Fellowship vol. 11 No. 1 Easter 2021 25 ₹

"ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ചു
വിളിക്കപ്പെട്ടവർക്ക്, അവിടുന്ന് സകലവും നന്മയ്ക്കായി
പരിണമിപ്പിക്കുന്നുവെന്നു നമുക്കറിയാമല്ലോ"
(റോമാ 8:28)






**മിഷനെ അറിഞ്ഞ് മിഷനെ സ്നേഹിച്ച് മിഷനറിയാവാൻ**

ക്രിസ്തുവിന്റെ പുരോഹിതനാകുവാൻ MST സമൂഹം നിങ്ങളെ ക്ഷണിക്കുന്നു.

**കുഞ്ഞനുജന്മാർക്ക് സ്വാഗതം**

Fr Akhil Mlavil
mob: 8943444341
Fr Monse Karuvakunnel
Mob:9544183779
Missionary Society of
St Thomas the Apostle
Deepti Bhavan ,Melampara
P.O.Bharanaganam
686 594- Kottayam

Fr Rony Alencherry
Mob: 9167676237
Missionary Society of
St Thomas the Apostle
Santhome Minor Seminary
P.B No.2 vezhupur,
Thamarassery 673 578